# STD V SOCIAL SCIENCE - JOPHY'S CLASSES

## Unit – 4 Clothing through the ages പാഠം – 4 വസ്ത്രത്തിന്റെ നാൾ വഴികൾ

**1. How do these organisms survive in conditions such as extreme heat and unbearable cold?**
**1.കടുത്ത ചൂട് അസഹനീയമായ തണുപ്പ് തുടങ്ങിയ സാഹചര്യങ്ങളിൽ ഈ ജീവജാലങ്ങൾ എങ്ങനെ അതിജീവിക്കുന്നു ?**

Ans) Goat's hair, parrot's feathers and tortoise's shell provide protection like a clothing in unfavourable weather conditions.
**ഉത്തരം) ആടിന്റെ രോമാവരണവും തത്തയുടെ തൂവലുകളും ആമയുടെ പുറം തോടും പ്രതികൂല കാലാവസ്ഥയിൽ ഒരു വസ്ത്രം പോലെ സംരക്ഷണം ഒരുക്കുന്നു**

2. Write about the way humans faced such situations ?
**2. മനുഷ്യർ അത്തരം സാഹചര്യങ്ങളെ അഭിമുഖീകരിച്ച രീതിയെക്കുറിച്ച് എഴുതുക ?**

Ans) The clothing needed for humans had to be shaped with the materials available in nature.
**ഉത്തരം) മനുഷ്യർക്ക് ആവശ്യമായ വസ്ത്രങ്ങൾ പ്രകൃതിയിൽ ലഭ്യമായ വസ്തുക്കൾ കൊണ്ട് രൂപപ്പെടുത്തേണ്ടി വന്നു**

**3. ഇന്ന് മനുഷ്യർ ഏതെല്ലാം തരത്തിലുള്ള വസ്ത്രങ്ങളാണ് ഉപയോഗിക്കുന്നത് ?**

Ans) **People use different types of clothes made of materials like cotton, jute, wool, silk etc., depending upon their culture, climatic condition, occupation and immunity**
**ഉത്തരം)** ആളുകൾ അവരുടെ സംസ്കാരം, കാലാവസ്ഥ, തൊഴിൽ, പ്രതിരോധശേഷി എന്നിവയെ ആശ്രയിച്ച് പരുത്തി, ചണം, കമ്പിളി, പട്ട് തുടങ്ങിയ വസ്തുക്കളാൽ നിർമ്മിച്ച വിവിധ തരം വസ്ത്രങ്ങൾ ഉപയോഗിക്കുന്നു

**4.വസ്ത്രം നമുക്ക് എങ്ങനെയെല്ലാം പ്രയോജനപ്പെടുന്നു ?**

Ans) **Protection from insects,Protection from heat,Protection from cold,Protection from temperature**
**ഉത്തരം) തണുപ്പിൽ നിന്ന് സംരക്ഷണം,ചൂടിൽ നിന്ന് സംരക്ഷണം ,ശരീരത്തിലെ ചൂട് നിലനിർത്തുന്നു, പ്രാണികളിൽ നിന്ന് സംരക്ഷണം**

5.Which materials did early humans use as clothing?
**5.ഏതെല്ലാം വസ്തുക്കളാണ് ആദിമ മനുഷ്യർ വസ്ത്രം ആയി ഉപയോഗിച്ചിരുന്നത്?**

Ans) **Bark of trees,Skin of animals ,Leaves**
**ഉത്തരം)** മരങ്ങളുടെ പുറംതൊലി,മൃഗങ്ങളുടെ തൊലി,ഇലകൾ

**6.The making of clothes by early humans was not like that of today.What could be the reason ?**
**6.ആദിമ മനുഷ്യരുടെ വസ്ത്രനിർമ്മാണം ഇന്നത്തെ പോലെ ആയിരുന്നില്ല. എന്തായിരിക്കും കാരണം ?**

Ans) **It is due to lack of different varieties of materials and technology in cloth manufacturing**



JOPHY LIJOICE

**ഉത്തരം)** തുണി നിർമ്മാണത്തിൽ വിവിധ തരത്തിലുള്ള മെറ്റീരിയലുകളുടെയും സാങ്കേതികവിദ്യയുടെയും അഭാവമാണ് ഇതിന് കാരണം

7. What is weaving?
**7.നെയ്ത്ത് എന്നാൽ എന്ത് ?**

Ans) It is the technique of making fabric using the type of yarn by joining the fibers together into long twisted yarns.
**ഉത്തരം) നാരുകൾ കൂട്ടിച്ചേർത്ത് പിരിച്ച നീളമുള്ള നൂലുകളാക്കി ആ നൂല് ഉപയോഗിച്ച് തുണിയുണ്ടാക്കുന്ന വിദ്യയാണ്**

8. What caused the spread of woven clothing?
**8.നെയ്ത്ത് വസ്ത്രങ്ങളുടെ വ്യാപനത്തിന് കാരണമായതെന്ത് ?**

Ans) Realization that fabrics woven from yarn are better than animal skins
**ഉത്തരം) മൃഗങ്ങളുടെ തോലിനേക്കാൾ മെച്ചപ്പെട്ടതാണ് നൂൽ കൊണ്ട് നെയ്തെടുത്ത തുണികൾ എന്ന തിരിച്ചറിവ്**

9.What are handlooms?
**9.കൈത്തറിത്തുണികൾ എന്നാൽ എന്ത്**

Ans)Handlooms are fabrics woven on handlooms using yarn
**ഉത്തരം)നൂൽ ഉപയോഗിച്ച് കൈത്തറിയിൽ തുണികളാണ് കൈത്തറിത്തുണികൾ**

**10.What made the technique of weaving cloth more popular?**
**10.തുണി നെയ്യുന്ന വിദ്യ കൂടുതൽ പ്രചാരത്തിലാകാൻ കാരണമെന്ത്**

**Ans)The invention of the handloom brought about a breakthrough in the field of garment manufacturing. The clothes were colored with a dye made from the indigo plant. This made the technique of weaving cloth more popular**
**ഉത്തരം)കൈത്തറിയുടെ കണ്ടുപിടിത്തം വസ്ത്ര നിർമ്മാണ രംഗത്ത് മുന്നേറ്റം ഉണ്ടാക്കി. നീലം ചെടിയിൽ നിന്നുണ്ടാക്കിയ ചായം കൊണ്ട് വസ്ത്രങ്ങൾക്ക് നിറം നൽകി. ഇത് തുണി നെയ്യുന്ന വിദ്യ കൂടുതൽ പ്രചാരത്തിലാകാൻ കാരണമായി**

**11. Which are the main handloom centers in Kerala?**
**11. കേരളത്തിലെ പ്രധാന കൈത്തറി കേന്ദ്രങ്ങൾ ഏതെല്ലാം ?**

**Ans)Kannur, Balaramapuram in Thiruvananthapuram district and Kuthampulli in Thrissur district are major handloom centers.**
**ഉത്തരം)കണ്ണൂർ,തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം തൃശൂർ ജില്ലയിലെ കുത്താംമ്പുള്ളി എന്നിവ പ്രധാന കൈത്തറികേന്ദ്രങ്ങളാണ്**

**12. Name the machine invented for making clothes?**
**12.വസ്ത്ര നിർമ്മാണത്തിനായി കണ്ടുപിടിച്ച യന്ത്രത്തിന്റെ പേര് ?**

Ans)Spinning Jenny **ഉത്തരം)സ്പിന്നിംഗ് ജെന്നി**

**13. What are the changes brought about by the use of machines in the**

**manufacture of clothes?**

**13.യന്ത്രങ്ങളുടെ ഉപയോഗം വസ്ത്രം നിർമ്മാണത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം ?**

Ans)**Increase in production of clothes ,Reduction in human labour, Diversity in clothing ,Quality clothing ,Spread of clothing**

**ഉത്തരം)വസ്ത്ര ഉൽപാദനത്തിലെ വർദ്ധനവ്, മനുഷ്യരുടെ അധ്വാന ഭാരത്തിലെ കുറവ്, വസ്ത്രങ്ങളിലെ വൈവിധ്യം, ഗണമേന്മയുള്ള വസ്ത്രങ്ങൾ, വസ്ത്രങ്ങളുടെ വ്യാപനം.**

14. What are the fibers used for making clothes?

**14.വസ്ത്ര നിർമ്മാണത്തിന് ഉപയോഗിക്കുന്ന നാരുകൾ ഏതെല്ലാം ?**

Ans)Natural fibers and synthetic fibers

**ഉത്തരം)പ്രകൃതിദത്ത നാരുകളും കൃത്രിമ നാരുകളും**

**15. What are natural fibers? Write example ?**

**15.പ്രകൃതിദത്തനാരുകൾ എന്നാൽ എന്ത് ? ഉദാഹരണം എഴുതുക ?**

**Ans) Natural fibers are fibers that are produced from animals and plants. Example: Wool fiber is produced from sheep and silk fiber is produced from silk yarn.Cotton fiber is produced from jute plants respectively.**

**ഉത്തരം)ജന്തുക്കളിൽ നിന്നും സസ്യങ്ങളിൽ നിന്നും ഉത്പാദിപ്പിക്കേണ്ട നാരുകളാണ് പ്രകൃതിദത്ത നാരുകൾ. ഉദാഹരണം ചെമ്മരിയാടിൽ നിന്ന് കമ്പിളി നാരും പട്ടുനൂൽ നിന്ന് പട്ടിന്റെ നാരും നിർമ്മിക്കുന്നു.പരുത്തി ചണം ചെടികളിൽ നിന്ന് യഥാക്രമം പരുത്തിനാരും ചണനാരും നിർമ്മിക്കുന്നു.**

**16.What is Synthetic fibers ?Write example?**

**16.കൃത്രിമ നാരുകൾ എന്നാൽ എന്ത് ?ഉദാഹരണം എഴുതുക?**

**Ans) Synthetic fibers are fibers produced from chemicals like petroleum**

**ഉത്തരം) പെട്രോളിയം പോലുള്ള രാസവസ്തുക്കളിൽ നിന്ന് ഉൽപാദിപ്പിക്കുന്ന നാരുകളാണ് കൃത്രിമനാരുകൾ**

**17. What are the characteristics of fabrics made of synthetic fibers over natural fibers?**

**17.പ്രകൃതിദത്ത നാരുകളെക്കാൾ കൃത്രിമ നാരുകളുപയോഗിച്ചുള്ള തുണിത്തരങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം ?**

**Ans) Synthetic fibers generally cost less to produce than natural fibers. It also has the advantage of not wrinkling quickly. Examples are polyester, nylon, and rayon.**

**ഉത്തരം) പ്രകൃതിദത്ത നാരുകളെക്കാൾ കൃത്രിമ നാരുപയോഗിച്ചുള്ള തുണിത്തരങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് പൊതുവേ ചെലവ് കുറവാണ്. പെട്ടെന്ന് ചുളിവുണ്ടാവില്ലയെന്ന മേന്മയും ഇതിനുണ്ട്. ഉദാഹരണം പോളിസ്റ്റർ നൈലോൺ റയോൺ എന്നിവ.**

**18.Find out in which situations the clothes seen on page number 57 of the textbook are used and write the picture number in the table?**

**18.പാഠപുസ്തകത്തിലെ പേജ് നമ്പർ 57 ൽ കാണുന്ന വസ്ത്രങ്ങൾ ഏതേത് സാഹചര്യങ്ങളിലാണ് ഉപയോഗിക്കുന്നതെന്നു കണ്ടെത്തി പട്ടികയിൽ ചിത്രത്തിന്റെ നമ്പർ രേഖപ്പെടുത്തുക ?**

Ans) **ഉത്തരം)**

| Climate<br>കാലാവസ്ഥ | Immunity<br>രോഗപ്രതിരോധം | Authority / status<br>അധികാരം / പദവി | Employment<br>തൊഴിൽ |
|---|---|---|---|
| 1,6 | 4 | 2,3,5 | 2,3,5 |

**19. What are the factors that influence clothing?**
**19.വസ്ത്രധാരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം ?**

**Ans) Climate, Customs, Positions of power, employment and Regional differences**
**ഉത്തരം) കാലാവസ്ഥ, ആചാരം, അധികാരസ്ഥാനങ്ങൾ, തൊഴിൽ, പ്രാദേശിക വ്യത്യാസങ്ങൾ.**

**20. What kind of clothes should we choose?**
**20.എങ്ങനെയുള്ള വസ്ത്രങ്ങളാണ് നമ്മൾ തിരഞ്ഞെടുക്കേണ്ടത് ?**

**Ans) We should choose suitable clothes considering the weather and comfort of travel**
**ഉത്തരം) കാലാവസ്ഥ, യാത്ര ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ പരിഗണിച്ച് അനുയോജ്യമായ വസ്ത്രങ്ങളാണ് നാം തിരഞ്ഞെടുക്കേണ്ടത്**

**21. Observe the costumes in the pictures given on page no. 58 of the textbook and find out which art form they belong to?**
**21.പാഠപുസ്തകത്തിലെ പേജ് നമ്പർ 58 ൽ തന്നിരിക്കുന്ന ചിത്രങ്ങളിലെ വസ്ത്രാലങ്കാരങ്ങൾ നിരീക്ഷിച്ച് അവ ഏതേത് കലാരൂപങ്ങളുടേതാണെന്ന് കണ്ടെത്തുക ?**

**Ans) Kathakali, Theyam, Mohiniyattam, Kerala Natanam, Oppana, Chavittunadakam.**
**ഉത്തരം) കഥകളി, തെയ്യം, മോഹിനിയാട്ടം, കേരളനടനം, ഒപ്പന, ചവിട്ടുനാടകം.**

**22. What can be understood from the proclamation issued by Uthram Thirunal Marthandavarma, the king of Travancore in 1859?**
**22.1859 ൽ തിരുവിതാംകൂർ രാജാവായ ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ പുറപ്പെടുവിച്ച വിളംബരത്തിൽ നിന്ന് എന്താണ് മനസ്സിലാക്കാൻ കഴിയുന്നത് ?**

**Ans)At that time prevented certain sections of the people from wearing clothes as they wish. This is a proclamation granting the right to wear upper clothes to the women of the sections known as lower castes in southern Kerala.**
**ഉത്തരം) അന്ന് നിലനിന്നിരുന്ന ജാതി വ്യവസ്ഥ ചില വിഭാഗം ജനങ്ങളെ ഇഷ്ടപ്പെട്ട വസ്ത്രങ്ങൾ ധരിക്കുന്നതിൽ നിന്ന് തടഞ്ഞിരുന്നു.തെക്കൻ കേരളത്തിലെ താഴ്ന്ന ജാതിക്കാർ**

എന്നറിയപ്പെട്ടിരുന്ന വിഭാഗങ്ങളിലെ സ്ത്രീകൾക്ക് മേൽവസ്ത്രം ധരിക്കുന്നതിനുള്ള അവകാശം അനുവദിച്ചുകൊണ്ടുള്ള വിളംബരമാണിത്.

**23. How did Gandhiji use clothes as a weapon in the Indian freedom struggle?**

**23.ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ വസ്ത്രത്തെ ഒരു സമരായുധമായി ഗാന്ധിജി ഉപയോഗിച്ചതെങ്ങനെ ?**

**Ans) Gandhi made khadi, charka, spinning and foreign cloth boycott a part of the freedom struggle. He called people to wear khadi clothes. Thus charkha as a symbol of swadeshi movement, wearing of khadi dress and khadi cap as a sign of patriotism became an integral part of the freedom struggle.**

**ഉത്തരം) ഖാദിയും, ചർക്കയും, നൂൽ നൂൽപ്പും, വിദേശ വസ്ത്ര ബഹിഷ്കരണവും ഗാന്ധിജി സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമാക്കി. ഖാദിവസ്ത്രങ്ങൾ ധരിക്കുവാൻ അദ്ദേഹം ജനങ്ങളോട് ആഹ്വാനം ചെയ്തു. അങ്ങനെ സ്വദേശി പ്രസ്ഥാനത്തിന്റെ പ്രതീകമായി ചർക്കയും ദേശാഭിമാനത്തിന്റെ അടയാളമായി ഖാദിവസ്ത്രം ധരിക്കലും ഖാദി തൊപ്പി അണിയുന്നതും സ്വാതന്ത്ര്യ സമരത്തിലെ അവിഭാജ്യ ഘടകമായി മാറി.**

**24. What are the factors that strongly influence today's dress code?**

**24.ഇന്നത്തെ വസ്ത്രധാരണത്തെ ശക്തമായി സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം ?**

**Ans) Personal preferences, interests, convenience, new fashions according to changing beauty concept, advertisements, movies and social media are the factors that influence today's dress code.**

**ഉത്തരം) വ്യക്തിപരമായ മുൻഗണനകൾ, താല്പര്യങ്ങൾ, സൗകര്യങ്ങൾ, സൗന്ദര്യ സങ്കല്പത്തിലെ മാറ്റത്തിനനുസരിച്ചുള്ള പുത്തൻ വേഷവിധാനങ്ങൾ, പരസ്യങ്ങൾ, സിനിമകൾ, സാമൂഹ്യ മാധ്യമങ്ങൾ ഇവയാണ് ഇന്നത്തെ വസ്ത്രധാരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ.**

**25. A field of study with great employment potential in the field of garment manufacturing today?**

**25.വസ്ത്ര നിർമ്മാണ രംഗത്ത് ഇന്ന് വലിയ തൊഴിൽ സാധ്യതയുള്ള ഒരു പഠന മേഖല ?**

Ans) Fashion designing

**ഉത്തരം) ഫാഷൻ ഡിസൈനിങ്**

**26. What are the employment sectors in cloth manufacturing sector?**

**26.വസ്ത്ര നിർമ്മാണ രംഗത്തെ വിവിധ തൊഴിൽ മേഖലകൾ ഏതൊക്കെയാണ്?**

**Ans) weaving,costume design, sewing, embroidery, designing, dyeing, spinning**

**ഉത്തരം) നെയ്ത്ത്, വസ്ത്രാലങ്കാരം, തുന്നൽ, എംബ്രോയിഡറി, ഡിസൈനിങ്, ചായം മുക്കൽ, നൂൽ നൂൽപ്പ്.**

27. How to convert used and unwanted clothes into useful materials?



JOPHY LUDIC

**27.ഉപയോഗിച്ചതും ആവശ്യമില്ലാത്തതുമായ വസ്ത്രങ്ങളെ എങ്ങനെ ഉപയോഗപ്രദങ്ങളായ സാമഗ്രികളാക്കി മാറ്റാം?**

**Ans) For making home accessories like artificial flowers, curtains, pillow covers, hair bands, earrings etc., for arts and crafts**

**ഉത്തരം)** കൃത്രിമ പൂ**ക്കൾ,** കർട്ടനുകൾ**,** തലയിണ കവറുകൾ തുടങ്ങിയ വീട്ടുപകരണങ്ങൾ നിർമ്മിക്കാൻ**,** ഹെയർ ബാൻഡ് **, കമ്മൽ** മുതലായ സാധനങ്ങൾ ഉണ്ടാക്കാൻ**,** കലയ്ക്കും കരകൗശലത്തിനും വേണ്ടി

**28. Why was importance given to clothing in the early days?**

**28.ആദ്യകാലത്ത് വസ്ത്രധാരണത്തിൽ പ്രാധാന്യം നൽകിയിരുന്നത് എന്തിനാണ് ?**

**Ans) For body protection**

**ഉത്തരം) ശരീര സംരക്ഷണത്തിന്**

**29. What are the factors that influence the style of dressing nowadays?**

**29.വർത്തമാനകാലത്ത് വസ്ത്രധാരണരീതിയെ സ്വാധീനിക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ് ?**

**Ans) Changing concepts of beauty and cultural diversity**

**ഉത്തരം) മാറിവരുന്ന സൗന്ദര്യ സങ്കൽപ്പങ്ങളും സാംസ്കാരിക വൈവിധ്യങ്ങളും**

JOPHY LIJOICE